ശ്രീ. കെ. പി. ഗോപാലൻ : കശുവണ്ടി വാങ്ങുകയും അതു ഇംപോർട്ട് ചെയ്തു ഫാക്ടറികൾക്കു ഇക്വിറബിളായി വിതരണം ചെയ്യുകയും, ഫാക്ടറികളടമകൾക്കു കഴിയുന്ന സാമ്പത്തികസഹായം ചെയ്യുകയും ചെയ്യുക എന്നുള്ളതാണു് പ്രധാന ഉദ്ദേശം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ സഹകരണസംഘങ്ങളുടെ ഓഹരിമൂലധനത്തിലേക്കു ഗ്രാന്റായി കൊടുക്കുകയാണോ, അതോ മറ്റു വിധത്തിൽ ധനസഹായം ചെയ്യാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അതേപ്പറ്റി ഗവണ്മെന്റാലോചിക്കുന്നതാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : കൊല്ലത്തു കെ. എം. കെ. ഫാക്ടറി നിശ്ശേഷം അടച്ചിട്ടിരിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അടച്ചിട്ടിരിക്കുകയാണെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ കാർപ്പൊറേഷനിൽ വ്യവസായ ഉടമകൾക്കു പങ്കുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : വ്യവസായ ഉടമകൾക്കു് പ്രധാനമായ പങ്കുണ്ടു്.

ശ്രീ. ആർ. പ്രകാശം : എന്നത്തേയ്ക്കു ഇതാരംഭിക്കുവാൻ കഴിയുമെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : എന്നേയ്ക്കു ആരംഭിക്കുമെന്നു തിട്ടമായി പറയാൻ സാധിക്കുകയില്ല. കഴിയുന്നത്രവേഗം തുടങ്ങുന്നതിനു് എല്ലാ നടപടികളും ഗവണ്മെന്റു് എടുക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ കെ. എം. കെ. ഫാക്ടറി തുറക്കുന്നതിനു നിർദ്ദേശം ഗവണ്മെന്റു് കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ ഫാക്ടറിക്കാവശ്യമായിരിക്കുന്ന സാമ്പത്തികസഹായം ചെയ്യാൻ കഴിയുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

WRITTEN ANSWERS.

തിരുവനന്തപുരം റിസർവ്വു് പോലീസു് ക്യാമ്പിലെ പോലീസുകാരുടെ കലാപരിപാടി.

* 1781. [26] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റിസർവ്വു് പോലീസു് ക്യാമ്പിലെ പോലീസുകാർ പഞ്ചവത്സരപദ്ധതിയുടേയും വികസനപ്രവർത്തനങ്ങളുടേയും പ്രാധാന്യമെത്ര പ്രകീർത്തിച്ചുകൊണ്ടു് ഒരു വില്ലടിച്ചാൻപാട്ടു് കലാപരമായി സംവിധാനംചെയ്തു് നടത്തിവന്നിരുന്നുവോ ;

(ബി) എന്നുമുതലാണു് കലാസംഘത്തിന്റെ പ്രവർത്തനം തുടങ്ങിയതു് ;

(സി) ഈ കലാപരിപാടി നടത്തുന്നതിനു എന്തു ഫീസാണു് വസൂൽ ചെയ്തുകൊണ്ടിരുന്നതു് ;

(ഡി) എത്ര ഇടങ്ങളിൽ ഇതു നടത്തിയിട്ടുണ്ടു് ;

(ഇ) എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോൺഗ്രസ്സ് പ്രസിഡൻറ് ശ്രീമതി ഇന്ദിരാഗാന്ധി തിരുവനന്തപുരത്തു് വന്നിരുന്നപ്പോൾ കവഡിയാർ വാർഡ് കോൺഗ്രസ്സ് കമ്മിറ്റി ഉൽഘാടനം നടത്തിയപ്പോൾ ഇവരുടെ വില്പടിച്ചാൻ പാട്ടു് അവിടെ നടത്തുകയുണ്ടായോ ;

(ജി) അതിനുശേഷം എവിടെയെല്ലാം നടത്തിയിട്ടുണ്ടു് ;

(എച്ച്) ഈ കലാസംഘത്തെ പിരിച്ചുവിടുവാൻ ഗവണ്മെൻറുത്തരവായിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) നടത്തിവന്നിരുന്നു.

(ബി) 15-8-1958 മുതൽ.

(സി) രണ്ടു മണിക്കൂർ പരിപാടിക്കു് 25 രൂപയും, തുടർന്നുള്ള ഓരോ മണിക്കൂറിനും 10 രൂപയും, ഇതിനുംപുറമേ ദൂര സ്ഥലങ്ങളിൽ പോകുമ്പോൾ ടാൻസ്പോർട്ട് ചാർജ്ജും, ഡെയിലി അലവൻസും വസൂൽചെയ്തുകൊണ്ടിരുന്നു.

(ഡി) 50 സ്ഥലത്തു്.

(ഇ) ഒരു സ്റ്റോറുമെൻറ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(എഫ്) നടത്തുക ഉണ്ടായിട്ടുണ്ടു്. എന്നാൽ കോൺഗ്രസ്സ് പ്രസിഡൻറ് ആ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല.

(ജി) പോലീസ് ക്യാമ്പിനുവെളിയിൽ എവിടേയും നടത്തിയിട്ടില്ല.

(എച്ച്) ഇല്ല.

(ഐ) ഉദിക്കുന്നില്ല.

എറണാകുളം മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പു്.

* 1782. [27] ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മുനിസിപ്പാലിറ്റിയിലെ ഏതാനും കൗൺസിലർമാർ രാജിവച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഒഴിവുകളിലേക്കു് തെരഞ്ഞെടുപ്പു് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം വരുത്തുന്നതു് എന്തുകൊണ്ടാണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വെയിറ്റിംഗ് ഷെഡ്ഡുകൾ.

* 1783. [30] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര വെയിറ്റിംഗ് ഷെഡ്ഡുകൾ കെട്ടുന്നതിനു് ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ചിട്ടുണ്ടു് ; അതോടനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമോ ?

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

Please see Answer to Question ✻ 1781. (26)

Sl. No.	*Name of Place.*	*No. of times.*	*Sl. No.*	*Name of Place.*	*No. of times.*
1.	All India Radio	5	27	Vellayambalam	1
2.	Sreevaraham	2	28.	Pallichal	1
3.	Sasthamangalam	2	29.	Karippur	1
4.	Kottakakom	2	30.	Venjaramood	1
5.	Vattiyoorkavu	3	31.	Marukil	1
6.	Nanthancode	2	32.	Aiyoorpara	1
7.	Mettukada	2	33.	Attingal	1
8.	Attukal	2	34.	Punnapuram	1
9.	Quilon	2	35.	Pappanamcode	1
10.	Neyyattinkara	2	36.	Thiruvallam	1
11.	Thaliyal	2	37.	Navaikulam	1
12.	Kilimanoor	2	38.	Perumpazhathur	1
13.	Ezhukon	2	39.	Kattakada	1
14.	Peyadu	2	40.	Jagathi	1
15.	Pattom	2	41.	Eruthavoor	1
16.	Peroorkada	2	42.	Kottukal	1
17.	Arumana	1	43.	Sreekariyam	1
18	Pulimoodu	1	44.	Ooruttambalam	1
19.	Uthiyannoor	1	45.	Thonnakkal	1
20.	Alleppey	1	46.	Punnathalacherry	1
21.	Thirumala	1	47.	Mughathala	1
22	Arumannoor	1	48.	Ulloor	1
23.	Kusavarckal	1	49.	Vengannor	1
24.	Kowdiyar	1	50.	Tape Record, Trivandrum	1
25.	Vakkom	1			
26.	Pangode	1			

LIBRARY ARCHIVES Kerala Legislative Assembly